പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2985

18.06.2018-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളെ കൗൺസിലിംഗിലൂടെ ജോലിക്ക് പ്രാപ്തരാക്കുന്ന നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. അനിൽ അക്കര | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ദുരന്തത്തിന് ശേഷം മനശാസ്ത്രപരമായ കാരണത്താൽ തൊഴിലിന് പോകുവാൻ സാധിക്കാതെ വന്ന മത്സ്യത്തൊഴിലാളികളെ കൗൺസിലിംഗിലൂടെ ജോലിക്ക് പ്രാപ്തരാക്കുന്ന നടപടി എത്രമാത്രം വിജയിച്ചു; വിശദമാക്കാമോ; | (എ) | ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും മാനസിക ആരോഗ്യ ദൗത്യത്തിന്റെയും ആഭിമുഖ്യത്തിൽ ഓഖി ദുരന്ത ബാധിത മേഖലകളിലും ആശുപത്രികളിലും ഒരു ദുരന്തത്തിന്റെ അനന്തര ഫലമായുണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ, ശാരീരിക പ്രശ്നങ്ങൾ എന്നിവ മനസ്സിലാക്കി മത്സ്യത്തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ദിശ കൗൺസിലേഴ്സും ജില്ലാ മാനസികാരോഗ്യ പ്രവർത്തകരും ചേർന്ന് കൗൺസിലിംഗും ആവശ്യമുള്ളവർക്ക് ചികിത്സയും നൽ കുകയു ണ്ടായി.<br><br>12/12/2017 ൽ ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ ആരോഗ്യം, സാമൂഹ്യ നീതി വകുപ്പ്, റവന്യൂ, മത്സ്യവകുപ്പ് എന്നിവരെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും, ഐ.സി.ഡി.എസ്സ്-ന്റെ സ്കൂൾ കൗൺസിലേഴ്സ്, ആർ.ബി.എസ്.കെ (എൻ.എച്ച്.എം) യുടെ സ്കൂൾ നഴ്സ്, ദിശ കൗൺസിലേഴ്സ് എന്നിവരുടെ സേവനം പ്രയോജനപ്പെടുത്താനും തീരുമാനിച്ചു. കെ.എസ്.എ സ്.എം ന്റെ സഹായത്തോടെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കായി 14/12/2017 ൽ ഒരു ഏകദിന പരിശീലനം സംഘടിപ്പിച്ചു.<br><br>മാനസികാരോഗ്യ വിഭാഗം ജീവനക്കാരായ സൈക്യാട്രിസ്റ്റ്, സൈക്കോളജിസ്റ്റ് എന്നിവർ ദുരിത ബാധിത മേഖലയിൽ ഓരോ ദിവസവും നടത്തിയ ഇടപെടലുകളിലൂടെ മാനസിക സമ്മർദ്ദത്തിന് വിധേയരായിരുന്ന മത്സ്യത്തൊഴിലാളികളുടെ മാനസിക നില വിലയിരുത്തുകയും അവർക്ക് ആവശ്യമായ പിന്തുണ നൽകുകയും ചെയ്തു. ജനറൽ ആശുപത്രി തിരുവനന്തപുരം, ഫോർട്ട് ഹോസ്പിറ്റൽ വലിയതുറ എന്നിവിടങ്ങളിൽ ദുരിത ബാധിതരെ പ്രവേശിപ്പിച്ച് ആവശ്യമായ ചികിത്സ നൽകി. വിഴിഞ്ഞം, പൂന്തുറ പ്രദേശത്തെ ദുരിതാശ്വാസ ക്യാമ്പുകളിൽ ദിശ കൗൺസിലേഴ്സിന്റെ സേവനം ലഭ്യമാക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | ദുരിതത്തെ അതിജീവിച്ചവർ, കാണാതായവരുടെ കുടുംബാംഗങ്ങൾ, മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾ എന്നിവരുടെ വീടുകളിൽ ആരോഗ്യവിഭാഗം ജീവനക്കാർ സന്ദർശനം നടത്തുകയും അവർക്ക് ആവശ്യമായ കൗൺസിലിംഗ് നൽകുകയും ചെയ്തു. |
| (ബി) | ഗുരുതരമായി പരിക്കേറ്റ് മത്സ്യബന്ധനത്തിൽ ഏർപ്പെടുവാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് ബദൽ ജീവനോപാധി ഒരുക്കുന്നതിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തരത്തിലുള്ള സഹായങ്ങളാണ് സർക്കാർ നൽകിയത് എന്നറിയിക്കാമോ? | (ബി) | ഓഖി ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് ഗുരുതരമായി പരുക്കേറ്റ് മത്സ്യബന്ധനത്തിൽ ഏർപ്പെടുവാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾ ആരും തന്നെ ഇല്ല. പരിക്ക് പറ്റി സംസ്ഥാനത്തെ വിവിധ ആശുപത്രി കളിൽ ചികിത്സ തേടിയ 179 മത്സ്യത്തൊഴിലാളികൾക്ക് ചികിത്സാ ധനസഹായമായി ആകെ 8,68,000/- രൂപ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽ കിയിട്ടു ണ്ട്. |

സെക്ഷൻ ഓഫീസർ